ദലിത് മുന്നേറ്റത്തെ തടയാൻ സിപിഎമ്മിന്റെ സംഘടിതശ്രമം ഡി എച്ച് ആർ എം

മടവൂരിലേത് ആസൂത്രിത സംഘർഷം

തിരുവനന്തപുരം: ദലിതർക്ക് പ്രതിഷേധം പ്രകടിപ്പിക്കാൻ പോലും അനുവദിക്കാതെ സി പി എം അക്രമണം അഴിച്ചുവിടുകയാണെന്ന് ഡി എച്ച് ആർ എം സംസ്ഥാന സെക്രട്ടറി ദാസ് കെ വർക്കല പ്രസ്താവനയിൽ പറഞ്ഞു. മടവൂരിൽ ആസൂത്രിതമായ അക്രമമാണ് നടന്നത്. പ്രവർത്തർക്കെതിരെ കള്ളകേസെടുത്ത പോലിസിനെതിരെ പ്രതിഷേധിച്ച് നടത്തിയ മാർച്ചിനു നേരെ ഡി വൈ എഫ് ഐ പ്രവർത്തകരുടെ നേതൃത്വത്തിൽ അക്രമം അഴിച്ചുവിടുകയായിരുന്നു. നാട്ടുകാരുടെ പേരിൽ സംഘടിച്ചെത്തിയ സാമൂഹ്യവിരുദ്ദർ അക്രമം അഴിച്ചുവിടുകയായിരുന്നു. കൈകുഞ്ഞുങ്ങളുമായി സ്ത്രികളുൾപ്പെടെ എത്തിയ ഡി എച്ച് ആർ എം പ്രവർത്തകരെ യാതൊരു പ്രകോപനവുമില്ലാതെ അടിച്ചും കല്ലെറിഞ്ഞും വീഴ്ത്തി. അക്രമണം രൂക്ഷമായോപ്പോൾമാത്രമാണ് പോലിസ് ഇടപ്പെട്ടത്. അല്ലായിരുന്നെങ്കിൽ സാമൂഹ്യവിരുദ്ദരുടെ അക്രമണത്തിൽ നിരപരാധികൾ കൊല്ലപ്പെടുമായിരുന്നു. പട്ടാപകൽ പൊതുജനമധ്യത്തിൽ ദലിതരെ പട്ടികളെ പോലെ തല്ലിചതച്ചപ്പോൾ കാഴ്ച്ചക്കാരായാണ് പോലിസ് നിന്നത്. ഇതൊക്കെ നേരിൽ കണ്ട മാധ്യമ പ്രവർത്തകരും ഇതെല്ലാം ബോധപൂർവ്വം മറച്ചുപിടിച്ചു. ദലിത് സംഘടന ഒറ്റപെടേണ്ടതാണെന്നുള്ള വികാരം ജനങ്ങളിലുണ്ടാക്കാനുള്ള ബോധുപൂർവ്വ ശ്രമങ്ങളാണ്. അത് കൊണ്ടാണ് ഡി എച്ച് ആർ എം പ്രവർത്തകർ അക്രമിക്കപ്പെട്ടത് മറച്ചായ്ക്കുകയും പ്രശനക്കാർ എന്ന ധ്വനിയിൽ വാർത്തകൾ നൽകുകയും ചെയ്തത്. കഴിഞ്ഞ രണ്ടര വർഷമായി ഡി എച്ച് ആർ എമ്മിനെ തകർക്കാൻ സി പി എം ശ്രമിക്കുന്നു. വർക്കലയിൽ സംഘപരിവാര ശക്തികളെ കൂട്ട് പിടിച്ചാണ് കള്ളപ്രചരണങ്ങളും അക്രമങ്ങളും നടത്തിയത്. ഭരണത്തിന്റെ സ്വാധീനമുപയോഗിച്ച് സംസ്ഥാന നേതാക്കൾക്കെതിരെ വരെ കള്ളകേസുകളെടുത്തു. ബാങ്ക് മോഷണം, കടകുത്തിപ്പൊളിക്കൽ, കൊലപാതകം, തുടങ്ങി തെളിയാതെ കിടന്നിരുന്ന നൂറോളം കേസുകളാണ് പ്രവർത്തകർക്കെതിരെ പോലിസ് എടുത്തത്. തീവ്രവാദ സംഘടനയെന്ന നിലയിൽ മാധ്യമങ്ങൾ വഴി കള്ളപ്രചരണം നടത്തിയും സംഘടനയെ തകർക്കാൻ ശ്രമിച്ചു. എന്നാൽ എല്ലാ ഭരണകൂട ഭീകരതകളെയും മറികടന്ന് സംഘടനമുന്നോട്ട് പോയതിൽ വിളറിപിടിച്ച സി പി എം ഇപ്പോൾ നേരിട്ടുള്ള അക്രമണവുമായി രംഗത്തെത്തിയിരിക്കുകയാണ്. ഇതാണ് ഇന്നലെ മടവൂരിൽ കണ്ടത്. എന്തിനാണ് ഡി എച്ച് ആർ എം നടത്തുന്ന പ്രതിഷേധങ്ങളെ നാട്ടുകാരുടെ മറവിൽ നേരിടുന്നത്. കഴിഞ നിയമസഭാ തിരഞ്ഞെടുപ്പിലും തദ്ദേശ തിരഞ്ഞെടുപ്പിലും ഡി എച്ച് ആർ എം മത്സരിച്ചത് ആർക്കാണ് വോട്ടുനഷ്ടമുണ്ടാക്കിയത് ആ ശക്തികളാണ് കള്ളപ്രചരണത്തിനും അക്രമത്തിനും പിന്നിൽ. കഴിഞ്ഞ മാസത്തിൽ

പത്തനംതിട്ടയിലും നടന്നത് ഇതേ സംഭവമാണ്. ആയുധങ്ങളുമായി ഡി എച്ച് ആർ എം പ്രവർത്തകരെത്തിയെന്ന കള്ളകേസെടുക്കുകയായിരുന്ന പോലിസ് . അത് മാധ്യമങ്ങൾ ആഘോഷിച്ചു. സറ്റേഷനിലെ പഴയ തുരുമ്പിച്ച വാൾ പോലീസുകാർ ഡി എച്ച് ആർ എം പ്രവർത്തകർ സഞ്ചരിച്ച് ഒട്ടോയിൽ കൊണ്ടുവന്നുവയ്ക്കുകയായിരുന്നെന്ന് പീന്നീട് തെളിഞ്ഞു. എസ് ഐക്കെതിരെ പോലിസ് തലത്തിൽ നടപടിയും സ്വീകരിച്ചു. എന്നാൽ ഇത് വാർത്തയാക്കാനും ഈ കള്ളകേസിന്റെ കഥ ജനങ്ങളെ അറിയിക്കാനും മാധ്യമങ്ങൾ തയ്യാറായില്ല.
ദലിതരെ ഒറ്റപ്പെടുത്തി അക്രമിക്കാനുള്ള ഗൂഢാലോചനക്കെതിരെ ജാഗ്രതപാലിക്കാനും, ജലിത് സംഘടനപ്രകർത്തകരെ അക്രമിട്ട നടപടിയിൽ അപലപിക്കാനും മനുഷ്യസ്നേഹികൾ തയ്യാറാകാണം. ഒറ്റപ്പെടുത്തികൊണ്ട് സംഘടനാ പ്രവർത്തനങ്ങളെ ഇല്ലാതാക്കാമെന്ന് സി പി എം കരുതുന്നുണ്ടെങ്കിൽ അത് വ്യമോഹം മാത്രമായിരിക്കുമെന്നും സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. ഡി എച്ച് ആർഎം പ്രവർത്തകരെ അക്രമിച്ച ഡി വൈ എഫ് ഐ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കും വരെ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകുമെന്നും സംസ്ഥാന കമ്മിറ്റി അറിയിച്ചു.

ദാസ് കെ വർക്കല
സെക്രട്ടറി
സംസ്ഥാന കമ്മിറ്റി
ഡി എച്ച് ആർ എം